**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.522 — 24.10.2011 ൽ മറുപടിക്ക്

## സമാന്തര സർവ്വീസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. ബി. ഡി. ദേവസ്സി | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) തലസ്ഥാന നഗരിയിൽ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.യ്ക്ക് സമാന്തരമായി സർവ്വീസുകൾ നടത്തുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങളെ പിടികൂടി പിഴ ഈടാക്കുന്നുണ്ടോ; | (ബി) | സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പിടികൂടി പിഴ ഈടാക്കുന്നുണ്ട്. |
| (സി) ഈ സർക്കാർ ഇതിനകം എത്ര സമാന്തര സർവ്വീസുകാരിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ട്; | (സി) | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം 102 സമാന്തര സർവ്വീസ് വാഹനങ്ങളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്. |
| (ഡി) ഇത് തടയാൻ മോട്ടോർ വാഹന വകുപ്പും പോലീസും കെ.എസ്.ആർ.ടി.സി.യും സംയുക്ത മായി നടപ്പിലാക്കിയ പദ്ധതി ഇപ്പോൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; | (ഡി) | തിരുവനന്തപുരം നഗരാതിർത്തിയിൽ പ്രവേശിക്കുന്ന സമാന്തര സർവ്വീസുകൾ പരിശോധിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരും പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥരും കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥരും സംയുക്തമായ 6 പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ പോയിന്റിലും ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ, കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത നേതൃത്വത്തിൽ ചാക്ക, തിരുമല, പാപ്പനംകോട്, അമ്പലത്തറ, കേശവദാസപുരം, ചാവടിമുക്ക്, |

| | | |
|---|---|---|
| | | വഴയില, എന്നീ 7 പോയിന്റുകളിൽ തിരുവനന്തപുരം നഗരിയിലേക്കുള്ള സമാന്തര സർവ്വീസുകളുടെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്തുകയുണ്ടായി. പോലീസ് വകുപ്പിന്റെ പ്രതിനിധിയുടെ അഭാവത്തിലും ഈ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ സമാന്തര സർവ്വീസുകൾ പിടിച്ചെടുത്താൽ ആയവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സ്ഥല സൗകര്യം നിലവിലില്ലാത്തത് ഒരു പോരായ്മയാണ്. പാരലൽ സർവ്വീസുകൾ പരിശോധിക്കുകയും പിടിച്ചെടുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പലപ്പോഴും പാരലൽ സർവ്വീസുകാരിൽ നിന്നും, പൊതുജനങ്ങളിൽ നിന്നും കടുത്ത എതിർപ്പ് നേരിടേണ്ടി വരാറുണ്ട്. |
| ഇ) ഇക്കാര്യം പ്രത്യേകം അവലോകനം ചെയ്യുകയുണ്ടായോ; എങ്കിൽ എപ്പോൾ? | ഇ) | അവലോകനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം നഗരാതിർത്തിയിൽ സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങളെ തടയുന്നതിനായി സമഗ്രമായ പരിശോധനകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.യിൽ നിന്നും അയച്ചു തന്നിട്ടുള്ള പട്ടികയിലുള്ള വാഹനങ്ങൾ പരിശോധിച്ച് വേണ്ട നടപടി കൈക്കൊള്ളുവാൻ തിരുവനന്തപുരം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ